**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് **2025-26** സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്നും ഒന്നാം ഗഡു അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.**361/2025/CLAD** തീയതി,തിരുവനന്തപുരം, **27-06-2025**

---

**പരാമർശം:-** (1) **09/12/2008-ലെ സർക്കുലർ നം.84/2008/ധന**

**(2) 29/08/2009 ലെ സർക്കുലർ നം.75/09/ധന**

**(3) 09.01.2020 ലെ സ.ഉ. (കൈ).നം.4/2020/ധന.**

**(4) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 12.06.2025 ലെ 1877/എ3/2021/കെ.എസ്.എഫ്.ഡി.സി. നമ്പർ കത്ത്.**

**ഉത്തരവ്**

**2025-26** സാമ്പത്തിക വർഷത്തെ ബജറ്റിൽ **2205-00-102-65-33** ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി ധനസഹായമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് **1,41,15,000/-** രൂപ വകയിരുത്തിയിരുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പത്തോളം സിനിമകളുടെ രജിസ്ട്രേഷൻ നടപടികൾ പുരോഗമിച്ചു വരുന്നതായും, നിർമ്മാണം പൂർത്തിയികുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കുന്നതിനായി ടി തുകയിൽ നിന്നും ആദ്യ ഗഡുവായി **50** ലക്ഷം രൂപ ഉടനടി അനുവദിക്കണമെന്നും പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **2025-26** സാമ്പത്തിക വർഷത്തെ ബജറ്റിൽ **2205-00-102-65-33** (മലയാള ചിത്രങ്ങൾക്കുള്ള സബ്സിഡി) ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയിരിക്കുന്ന **1,41,15,000/-** രൂപയിൽ നിന്നും ആദ്യ ഗഡുവായി **28,00,000/-** രൂപ (ഇരുപത്തിയെട്ട് ലക്ഷം രൂപ മാത്രം) ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. പ്രസ്തുത തുക ട്രഷറി **STSB** അക്കൗണ്ടിൽ **(non interest bearing)** അല്ലാതെ

ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല.

ii. പരാമർശം (1),(2) സർക്കുലറുകളിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii. തുടർന്നുള്ള റിലീസിന് മുൻപ് അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും പരാമർശം (3) പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും സമർപ്പിക്കേണ്ടതാണ്.

iv. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

3. പ്രസ്തുത തുക ഓൺലൈനായി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ രേഖകളും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷന് സമർപ്പിക്കേണ്ടതും തുക പിൻവലിച്ചത് സംബന്ധിച്ച വിശദവിവരങ്ങളും വിനിയോഗപത്രവും തുക പിൻവലിച്ച് മൂന്ന് മാസത്തിനകം സർക്കാരിനും സംസ്ഥാന അക്കൗണ്ടന്റ് ജനറലിനും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ധനകാര്യ വകുപ്പ് ( 23.06.2025 ലെ PU-C2/119/2025-FIN (3180791)പ്രകാരം).
സബ്ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ)വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Renju. A. R
Date: 28-06-2025 06:17:51

സെക്ഷൻ ഓഫീസർ